പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3257

19.06.2019-ൽ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുടെ തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) 2019 മാർച്ച് 31 ന മുമ്പ് പണി പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുടെ തുക സ്വയം കണ്ടെത്തണമെന്നും 2019-20 വർഷത്തെ ഫണ്ടിൽ ഉൾപ്പെടുത്തണമെന്നും കാണിച്ച് സർക്കാർ ഉത്തരവിറക്കിയതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഗ്രാമസഭകളിൽ അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിക്കുക വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | എ) & ബി) ട്രഷറി ക്യൂബില്ലുകളുടെയും സ്പിൽ ഓവർ പ്രോജക്ടുകളുടെയും തുക തൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകാരം നേടിയ പദ്ധതിയിലെ പുതിയ പ്രോജക്ടുകൾ പലതും ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിലെ ഒരോ വിഭാഗത്തിലും (പൊതു വിഭാഗം , എസ്.സി.പി, ടി.എസ്.പി, കേന്ദ്രധനകാര്യ കമ്മിഷൻ ഗ്രാന്റ്) പരമാവധി ഇരുപത് ശതമാനം വരെയുള്ള സ്പിൽ ഓവർ ബാധ്യത ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി എറ്റെടുക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അംഗീകാരം നേടിയ പദ്ധതിയിലെ പുതിയ പ്രോജക്ടുകൾ പരമാവധി ഉപേക്ഷിക്കാതെ നിലനിറുത്തുന്നതിന് ഈ ക്രമീകരണത്തിലൂടെ സാധിക്കും. |

സെക്ഷൻ ഓഫീസർ